# പശ്ചിമഘട്ടം: വനാവകാശം

ഒരു മനുഷ്യന് ആവശ്യമായ പാർപ്പിടം, കൃഷിയിടം, ഭക്ഷണം, ആരോഗ്യപരമായ ചുറ്റുപാട്, സംസ്കാരത്തിനും ആരാധനയ്ക്കും പാത്രമായ പൈതൃകങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന ആവാസവ്യവസ്ഥയുടെ ഉടമസ്ഥത അവകാശങ്ങളായി നൽകുന്നതോടൊപ്പം, ഈ ആവാസവ്യവസ്ഥയെ സംരക്ഷിക്കാനുള്ള ചുമതലയും ഉൾക്കൊള്ളുന്നതാണ് വനാവകാശനിയമം.

പ്രൊഫ. എം.കെ. പ്രസാദ്

**സ്വാതന്ത്ര്യലബ്ധിക്കുമുമ്പ്** കാടുകൾ രാജഭരണത്തിൻ കീഴിലായിരുന്നു. വൻതോതിൽ വനമേഖലകൾ റിസർവായി പ്രഖ്യാപിക്കപ്പെട്ടു. വാണിജ്യാവകാശങ്ങൾക്കായാണ് അത് പരിപാലിച്ചുകൊണ്ടിരുന്നത്. ഇങ്ങനെ റിസർവ്വ് വനമായി പ്രഖ്യാപിച്ചതുകൊണ്ട് വനവാസികളുടെ (ആദിവാസികളും അല്ലാത്തതുമായ) പരമ്പരാഗതമായ വനാവകാശങ്ങൾ നഷ്ടപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്കുശേഷം സംരക്ഷിതവനമേഖലകളുടെ ശൃംഖലകൾ സൃഷ്ടിക്കപ്പെട്ടു. അപ്പോഴും വനവാസികളുടെ അവകാശങ്ങൾ നഷ്ടമായി. ഇത് വനവാസികളും അധികാരികളുമായുള്ള സംഘർഷത്തിനിട നൽകി. കൃത്യമായി സ്വത്തവകാശമൊന്നും ഇല്ലാത്തതിനാൽ വനങ്ങളെ ആസ്പദമാക്കി ജീവിതം നയിച്ചിരുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾ കയ്യേറ്റക്കാരായും കുടിയേറ്റക്കാരായും വ്യാഖ്യാനിക്കപ്പെട്ടു. ശക്തമായ സംഘട്ടനങ്ങൾ പല പ്രദേശങ്ങളിലും ഉണ്ടായതിൽ അത്ഭുതപ്പെടാനില്ലല്ലോ.

വനാവകാശനിയമം എന്ന അറിയപ്പെടുന്ന 2006ൽ നിലവിൽ വന്ന നിയമം മുൻ സൂചിപ്പിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും ആദിവാസി സമൂഹങ്ങൾക്ക് വനത്തിന്മേലുള്ള അവകാശങ്ങൾ പരിരക്ഷിക്കുകയും ചെയ്യുന്നുണ്ട്. എന്നിരുന്നാലും ഈ നിയമം ഇന്നവശേഷിച്ചിട്ടുള്ള വനത്തിന്റെ നാശത്തിന് ആക്കം കൂട്ടാനിടയുണ്ടെന്ന് സംശയിക്കുന്ന പരിരക്ഷണവാദികളുമുണ്ട്. എങ്കിലും ഈ നിയമം നമ്മുടെ പ്രകൃതിവിഭവങ്ങളുടെ പരിപാലനത്തിൽ വസ്തുനിഷ്ഠമായ പ്രയോജനമുണ്ടാക്കുമെന്നതിനു സംശയമില്ല. താഴെ പറയുന്ന മൂന്ന് കാര്യങ്ങളിൽ പ്രത്യേകിച്ചും

- ബഹുവിധ താൽപര്യങ്ങളെയും കൂട്ടിയിണക്കി വനപരിപാലനത്തിൽ ജനാധിപത്യം കൊണ്ടുവരുക.
- അങ്ങാടിയുടെ ആവശ്യങ്ങളേക്കാൾ പ്രാധാന്യം തദ്ദേശീയർക്ക് നൽകുക
- സുപ്രധാന വന്യജീവി ആവാസ (Critical wildlife habitats)ങ്ങൾ ഒരിക്കൽ പ്രഖ്യാപിക്കപ്പെട്ടാൽ മറ്റൊരാവശ്യത്തിനായി അവയെ കീഴ്മേൽ മറിക്കാതിരിക്കുക.

# പരിരക്ഷണം = സംരക്ഷണം + നീതിപൂർവ്വകമായ ഉപയോഗം

ഒട്ടുമിക്ക തൽപരകക്ഷികൾക്കും നിയമവശങ്ങൾ പരിചയമില്ലാത്തതിനാൽ വനത്തെ ദുരുപയോഗപ്പെടുത്തുകയും അതുവഴി സാധുക്കളെയും പ്രാന്തവൽകൃതസമൂഹങ്ങളെയും ചൂഷണം ചെയ്യുകയും ചെയ്യുന്നു. അതുകൊണ്ട് ആളുകൾക്ക് പൊതുവെ വനസംരക്ഷണനിയമങ്ങളെപ്പറ്റി ഏകദേശരൂപമുണ്ടാവുന്നത് നല്ലതാണല്ലോ. നിയമത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ പ്രയോഗിക്കുന്നതിനും ഇത് സഹായിക്കും.

എന്തൊക്കെ വനാവകാശങ്ങളാണ് ഈ നിയമം അംഗീകരിച്ചിട്ടുള്ളതെന്നുനോക്കാം. വനവാസി സമൂഹത്തിന് സാമൂഹ്യവനവിഭവത്തിന്മേലുള്ള അവകാശംപോലെതന്നെ അവരിൽ ഓരോരുത്തർക്കും വ്യക്തിഗതമായ അവകാശങ്ങളുമുണ്ട്. സാമൂഹ്യവനവിഭവങ്ങൾ വനവാസിസമൂഹങ്ങളുടെ ജീവിതായോധനസ്രോതസ്സാണ്. അതിന്മേൽ അവർക്ക് അവകാശം വേണം. ഈ നിയമത്തിന്റെ ഒരു പ്രത്യേകത ഇത് പ്രാകൃത ആദിവാസി സമൂഹങ്ങളെയും, ചുറ്റിത്തിരിഞ്ഞുനടക്കുന്ന അജപാലകസമൂഹങ്ങളെയും കൂടി കണക്കിലെടുത്തിരിക്കുന്നു എന്നതാണ്. ഇത്തരക്കാരെ ഇതുവരെ ഒരു വനനിയമവും ഉൾക്കൊണ്ടിട്ടില്ല. വനവിഭവങ്ങളെ ഉപയോഗിക്കാൻ അവകാശമുള്ളതുപോലെതന്നെ വനങ്ങളുടെ സംരക്ഷണവും അവകാശം തന്നെയാണ്. അതുവഴി വനവാസിസമൂഹസംരക്ഷിതമേഖലകൾക്ക് പ്രാരംഭമിടാൻ ഇടവരുന്നു എന്നതൊരു പ്രത്യേകതയാണ്. ഈയൊരു പ്രതിഭാസം ഇതേവരെ സർക്കാർ അംഗീകരിക്കുന്നില്ല. പുതിയനിയമം അംഗീകരിച്ചിട്ടുള്ള കാര്യങ്ങൾ നോക്കാം.

**1. വനഭൂമിയിലും വനവിഭവങ്ങളിലും അവകാശം**

– ഷെഡ്യൂൾഡ് ട്രൈബുകൾക്കും മറ്റു പരമ്പരാഗത വനവാസികൾക്കും ജീവിക്കാനാവശ്യമായ കൃഷി നടത്താൻ വനഭൂമി കൈവശം വെക്കാം. (സെക്ഷൻ 3(1) (എ). ഇത് കൈവശാവകാശ അരക്ഷിതാവസ്ഥ ഇല്ലാതാക്കുന്നു.

– സെക്ഷൻ (3) (ബി, സി, ഡി) പ്രകരം 'നിസ്താർ' അവകാശം, ലഘു വന ഉത്പന്നങ്ങളിൽ ഉള്ള അവകാശം, കാട്ടിലെ ജലാശയത്തിൽ നിന്നും മീൻപിടിക്കുന്നതിനുള്ള അവകാശം, കാലിമേച്ചിലിനുള്ള അവകാശം, ചുറ്റിത്തിരിയുന്നവരുടെയും അജപാലകരുടെയും (ചില കാലങ്ങളിൽ മാത്രം വന്നുപാർക്കുന്ന) അവകാശം എന്നിവ ഉറപ്പുവരുത്തിയിരിക്കുന്നു.

– സെക്ഷൻ (3)(1)(8) പ്രകാരം തർക്കഭൂമിയിൽ പോലും അവകാശം ലഭിക്കുന്നു.

– പട്ടയം കിട്ടിയവർക്ക് സെക്ഷൻ (3)(1)(ജി) സ്ഥിരാവകാശം നൽകുന്നു. ഈ ചട്ടങ്ങൾ നല്കുന്ന അവകാശം പാരമ്പര്യമായി കൈമാറാവുന്നതാണ്. പക്ഷെ അത് വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ല.

**2. സാംസ്കാരിക പൈതൃകങ്ങളിന്മേലുള്ള അവകാശം.**

പ്രത്യേക സാമൂഹ്യ-സാമ്പത്തിക സാംസ്കാരികജീവിതം വനത്തെയും ജൈവവൈവിധ്യത്തെയും ചുറ്റിപ്പറ്റി നയിച്ചുവരുന്ന നിരവധി പ്രാകൃത ആദിവാസി സമൂഹങ്ങൾ ഇന്ത്യയിൽ പല പ്രദേശങ്ങളിലുമുണ്ട്. ഈ സമൂഹങ്ങളുടെ നിലനില്പ് വനവിഭവങ്ങളെ ആസ്പദമാക്കിയാണ്. ഇവരെ സെക്ഷൻ (3)(1)(ഇ) ഉറപ്പുവരുത്തുന്നു.

**3. ജൈവവൈവിധ്യസംരക്ഷണത്തിനും ബൗദ്ധികസ്വത്തവകാശങ്ങളിലുമുള്ള അവകാശങ്ങൾ.**

ഒരു സമൂഹം സംരക്ഷിച്ചുവരുന്ന സാമൂഹ്യവനം തുടർന്ന് സംരക്ഷിക്കാനുള്ള അവകാശം സെക്ഷൻ (3)(1)(1) ഉറപ്പ് നൽകുന്നു. ജൈവവിധ്യം അനുഭവിക്കാനും അതുമായി ബന്ധപ്പെട്ട സമൂഹസ്വത്തവകാശം നിലനിർത്താനും സാംസ്കാരിക വൈവിധ്യത്തെ അവകാശമായി നിലനിർത്താനും നിയമം അനുവദിക്കുന്നുണ്ട്.

**4. നിഷ്ക്കാസിതരായ സമൂഹങ്ങളുടെ അവകാശങ്ങൾ.**

കാട്ടിൽ നിന്ന് അനധികൃതമായി നിഷ്കാസനം ചെയ്യപ്പെട്ട പരമ്പരാഗത വനവാസികൾക്ക് 2005 ഡിസംബർ 13-ാം തിയ്യതിക്കുമുമ്പായി പുനരധിവാസത്തിന് അവകാശപ്പെട്ടവർക്ക് നിയമപരമായ പുനരധിവാസത്തിന് ഈ നിയമം ഇടനൽകുന്നു.

**5. അടിസ്ഥാനസൗകര്യങ്ങൾക്കുള്ള അവകാശങ്ങൾ**

വികസനപ്രവർത്തനങ്ങളുടെ, പ്രത്യേകിച്ച് ആരോഗ്യരക്ഷ, വിദ്യാഭ്യാസസൗകര്യം, റേഷൻഷാപ്പുകൾ, വൈദ്യുതി, ടെലികമ്യൂണിക്കേഷൻ, കുളങ്ങളും ജലാശയങ്ങളും, ശുദ്ധജലവിതരണം, ജല/മഴവെള്ള സംഭരണസൗകര്യം, ചെറുകിട ജലസേചനം, അനൗപചാരിക ഊർജ്ജലഭ്യത, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, റോഡുകൾ എന്നിവയ്ക്ക് ആദിവാസികൾക്ക് അവകാശമുണ്ട്. അവ ലഭ്യമാക്കാൻ ഈ നിയമം അനുശാസിക്കുന്നു. വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മുമ്പായി ഗ്രാമസഭയുടെ അനുവാദം വാങ്ങിയിരിക്കണം. വനഭൂമി മറ്റാവശ്യങ്ങൾക്കുപയോഗിക്കാൻ കേന്ദ്രസർക്കാരിന് അവകാശമുണ്ട്. ഒരു ഹെക്ടറിൽ നിന്നും വേണമെങ്കിൽ 75 ൽ കവിയാത്ത എണ്ണം മരങ്ങൾ വെട്ടാം.

വനാവകാശനിയമം വ്യക്തികൾക്കും സമുദായങ്ങൾക്കും വനസ്ഥലത്തിന്മേലോ, വനവിഭവങ്ങളിന്മേലോ ഉള്ള അവകാശം അംഗീകരിക്കുന്നു. അവകാശം അംഗീകരിക്കുന്നതിനുള്ള ആദ്യത്തെ പടി ഗ്രാമസഭയാണ്. ഈ നിയമപ്രകാരം ഗ്രാമസഭയെന്നത് ഒരു ആദിവാസിഗ്രാമത്തിലെ ആദിവാസി സമുദായത്തിലെഎല്ലാ അംഗങ്ങളുടെയും കൂട്ടമാണ്. നാട്ടിലെ പഞ്ചായത്തും അതിലെ ഗ്രാമസഭകളും ഇതിൽനിന്ന് വ്യത്യാസമുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ വാർഡുകളുണ്ട്. ഓരോ വാർഡിലെയും വോട്ടർമാരുടെ കൂട്ടത്തെയാണ് ഗ്രാമസഭ എന്ന് വിവക്ഷിക്കുന്നത്. വനത്തിൽ പഞ്ചായത്തുകൾ ഉള്ളത് ഷെഡ്യൂൾ 5 പ്രദേശങ്ങളിലാണ്. കേരളം ഇത്തരത്തിൽ പെടുന്നില്ല. നമുക്ക് വനപഞ്ചായത്തുകൾ ഇല്ല. കേരളത്തിൽ ഉള്ളത് ആദിവാസി സെറ്റിൽമെന്റുകളാണ്. അവയെ ഊരുകൂട്ടങ്ങൾ എന്നും പറഞ്ഞുവരുന്നു. വനാവകാശ നിയമപ്രകാരം അവകാശങ്ങൾ നേടിയെടുക്കാൻ, അവകാശികൾ അപേക്ഷ നൽകണം. ഗ്രാമസഭയാണ് ഈ അപേക്ഷകൾ സ്വീകരിക്കുക. അത്തരം അപേക്ഷകൾ സ്വീകരിച്ചതിനുശേഷം അപേക്ഷകരുടെ വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിച്ചതിനുശേഷം അപേക്ഷകൾ സബ്ബ് ഡി



വിഷണൽ തലത്തിലുള്ള കമ്മറ്റിക്ക് അയക്കും. ഈ കമ്മറ്റി അവകാശപ്പെടുന്ന ന്യായം പരിശോധിച്ച് തിട്ടപ്പെടുത്തും. സബ്ഡിവിഷൻ കമ്മറ്റി ഉണ്ടാക്കുന്നത് സർക്കാരാണ്. കമ്മറ്റിയിൽ വനംവകുപ്പ് ഉദ്യോഗസ്ഥർ, വനവാസികളായ രണ്ട് പട്ടികവർഗ്ഗ അംഗങ്ങൾ, രണ്ട് പരമ്പരാഗത വനവാസികൾ (ഒന്ന് സ്ത്രീ ആയിരിക്കണം), ആദിവാസി ക്ഷേമവകുപ്പ് മെമ്പർമാർ എന്നിവരുണ്ടാകും. കമ്മറ്റിയുടെ അധ്യക്ഷൻ സബ്ബ് ഡിവിഷണൽ ഓഫീസർ ആയിരിക്കും. ഈ സബ്ഡിവിഷണൽ കമ്മറ്റി അവകാശങ്ങൾക്കുള്ള ന്യായം പരിശോധിച്ച് തൃപ്തിപ്പെട്ടാൽ അപേക്ഷ ജില്ലാതല കമ്മറ്റിക്ക് അയക്കും. ഈ കമ്മറ്റിയും സർക്കാർ നിയോഗിക്കുന്ന ഒന്നാണ്. ജില്ലാ കളക്ടറോ, ഡെപ്യൂട്ടി കമ്മീഷണറോ ആവും ഇതിന്റെ അധ്യക്ഷൻ. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ പഞ്ചായത്തിലെ മൂന്ന് അംഗങ്ങൾ (ഇതിൽ രണ്ടു പേർ ഷെഡ്യൂൾഡ് ട്രൈബ് ആയിരിക്കണം.) ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവരാവും കമ്മറ്റി അംഗങ്ങൾ. ഈ കമ്മറ്റി അവസാന പരിശോധന നടത്തും. തൃപ്തിപ്പെട്ടാൽ അവകാശങ്ങൾ അംഗീകരിക്കും. കേരളത്തിൽ വനാവകാശനിയമം നടപ്പാക്കിയിട്ടുണ്ട്. 1744 സെറ്റിൽമെന്റുകൾ കേരളത്തിലുണ്ട്. (21500 കുടുംബങ്ങൾ). വനാവകാശം നടപ്പാക്കാൻ കേരള സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

1. 2008 ഫെബ്രുവരി മാസത്തിൽ വിവിധ വകുപ്പുകളുടെ ഒരു യോഗം നടന്നു. നിയമം നടപ്പാക്കുന്നതിന്റെ വിവിധ കാര്യങ്ങൾ പഠിച്ച് ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കാൻ പന്ത്രണ്ട് അംഗങ്ങളുള്ള ഒരു വർക്കിംഗ് ഗ്രൂപ്പുണ്ടാക്കി. തദ്ദേശസ്വയംഭരണവകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നു വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ. 2008 ജൂലായ് 31ന് മുമ്പായി കൂടിയ ഗ്രാമസഭകൾ വനാവകാശ കമ്മറ്റികൾ രൂപീകരിച്ചു. ഈ കമ്മറ്റികളിൽ തൊണ്ണൂറുശതമാനത്തിനും കോറമില്ലാത്തതിനാൽ യോഗം ചേരാനായില്ല. അട്ടപ്പാടിയിൽ ജനങ്ങളുടെ എതിർപ്പുകാരണം കമ്മറ്റിയേ ഉണ്ടായില്ല. സർക്കാർ ഒരു പ്രത്യേക ഉത്തരവിൻപ്രകാരം ഊരുകൂട്ടങ്ങളെ ഫോറസ്റ്റ് സെറ്റിൽമെന്റുകളായി കണക്കാക്കി. വനത്തിനുള്ളിൽ താമസിക്കുന്നവരെ മാത്രമുൾപ്പെടുത്തിയാണ് ഗ്രാമസഭകൾ ഉണ്ടാക്കിയത്. ആകയാൽ അട്ടപ്പാടിയിലെ ഇരുളർ, മുതുഗർ എന്നിവരും പണിയർ, ഊരാളി, കുറിച്യർ, മുത്തുകുറുമ്പർ, മലഅരയർ എന്നീ പട്ടികവർഗ്ഗങ്ങൾക്ക് ഈ ആനുകൂല്യം ലഭ്യമായില്ല.

ആദിവാസികൾക്ക് നഷ്ടമായ ഭൂമി 76 മാസത്തിനകം തിരിച്ചുകൊടുക്കണമെന്ന ഒരു സുപ്രീം കോടതിവിധി സർക്കാരിന് നടപ്പാക്കേണ്ടിവന്നു. അതിന്റെ അടിസ്ഥാനത്തിൽ 2010 ജനുവരിയോടെ 75% പേർക്കും ഒരേക്കറോളം ഭൂമി തിരിച്ചുകിട്ടി. 2009 ഓഗസ്റ്റ് 15 നകം ഒരേക്കർ തികച്ച് നൽകാമെന്ന വാഗ്ദാനവും. ചുരുക്കത്തിൽ കേരളത്തിൽ വനാവകാശനിയമം നടപ്പാക്കിയതുകൊണ്ട് വനവാസികളായ ആദിവാസികൾക്ക് ഭൂമി ലഭിക്കുക മാത്രമാണ് നടന്നിട്ടുള്ളത് എന്നു വേണം കരുതാൻ. അതുതന്നെ എല്ലാവർക്കും കിട്ടിയിട്ടില്ല. 2010 ഡിസംബർ 31 വരെയുള്ള കണക്കുപ്രകാരം 37432 അപേക്ഷകൾ കിട്ടി. 14758 പട്ടയങ്ങൾ നൽകി.

നിയമപ്രകാരം വനവാസികൾക്ക് ഭൂമി നൽകുന്നതിന് മുമ്പ് വനത്തിലെ വന്യജീവി ആവാസങ്ങൾ (Critical wildlife habitats) കണ്ടെത്തി അവ ഒഴിവാക്കണമെന്നുണ്ട്. കേരളത്തിൽ അത്തരം ഒരു കമ്മറ്റിയെ നിയോഗിച്ചുകൊണ്ട് ഉത്തരവിറക്കി. എന്നാൽ ആ കമ്മറ്റി ഒരിക്കലും യോഗം ചേരുകപോലും ഉണ്ടായില്ല എന്നത് വിചിത്രമാണ്

നിയമപ്രകാരം വനവാസികൾക്ക് ഭൂമി നൽകുന്നതിന് മുമ്പ് വനത്തിലെ വന്യജീവി ആവാസങ്ങൾ (Critical wildlife habitats) കണ്ടെത്തി അവ ഒഴിവാക്കണമെന്നുണ്ട്. കേരളത്തിൽ അത്തരം ഒരു കമ്മറ്റിയെ നിയോഗിച്ചുകൊണ്ട് ഉത്തരവിറക്കി. എന്നാൽ ആ കമ്മറ്റി ഒരിക്കലും യോഗം ചേരുകപോലും ഉണ്ടായില്ല എന്നത് വിചിത്രമാണ്.

ഇതുമാത്രമല്ല ഈ നിയമം നടപ്പാക്കിയപ്പോൾ ഉണ്ടായ മറ്റുചില വീഴ്ചകൾ, പ്രശ്നങ്ങൾ കൂടി അറിയേണ്ടതുണ്ട്.

- നിയമം നടപ്പാക്കാൻ ഒരു കാലാവധി നിർദ്ദേശിക്കപ്പെട്ടതിനാൽ ഗ്രാമസഭകൾ യോഗം ചേർന്നില്ല. ഇത് സെക്ഷൻ 7-ന്റെ ലംഘനമാണ്.
- വകുപ്പുതല ഉദ്യോഗസ്ഥന്മാർക്ക് നിയമത്തിന്റെ വിവിധ വശങ്ങളെപ്പറ്റിയും, നടപ്പാക്കുന്ന രീതിയെപ്പറ്റിയും ബോധവത്

കരണം നടന്നില്ല. ഇവരാണ് ആദിവാസികളിൽ ബോധമുണ്ടാക്കാൻ നിയുക്തരായ പ്രമോട്ടർമാർ.

– സമുദായ അവകാശങ്ങൾക്ക് പരിഗണന നൽകിയില്ല.

– വനാവകാശനിയമം നടപ്പാക്കുന്നതിൽ വനം വകുപ്പ് ഇടംതിരിഞ്ഞുനിന്നു.

– കേരള സർക്കാർ ഉത്തരവ് മൂലം പ്രഖ്യാപിച്ച ഗ്രാമങ്ങളിൽ ചിലേടത്ത് വനമില്ല. ആ ഭൂപ്രദേശം ഒഴിവാക്കി. അട്ടപ്പാടിയിൽ ഇതുണ്ടായി.

– ജില്ലാതല കമ്മറ്റികളിലും സബ്-ഡിവിഷൻ കമ്മറ്റികളിലും ആദിവാസി പ്രതിനിധികളുടെ പ്രാതിനിധ്യവും ഒഴിഞ്ഞുകിടന്നു, പലേടത്തും.

– വനാവകാശകമ്മറ്റികളിൽ (FRC) മൂന്നിലൊന്നെങ്കിലും ട്രൈബ് പ്രതിനിധികൾ വേണമെന്ന നിയമം വളച്ചൊടിച്ച്, മൂന്നിലൊന്ന് പരമാവധിയാണെന്ന് പ്രഖ്യാപിച്ച് ആദിവാസികൾ അല്ലാത്തവർക്ക് ഭൂരിപക്ഷമുണ്ടായി.

വനഭൂമി പതിച്ചുകൊടുക്കൽ മാത്രമാണോ വനാവകാശനിയമം നടപ്പാക്കൽ? ലഭിച്ച ഭൂമിയിൽ താമസിക്കാനും ജീവിച്ചുപോരാനും വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുണ്ടെന്ന കാര്യം സർക്കാർ മറന്നുപോയി. നിയമത്തിലെ സെക്ഷൻ 3(2) ൽ ഇത് പറയുന്നുണ്ട്. പക്ഷെ ഈ അവകാശത്തെപ്പറ്റി ആദിവാസികൾ അജ്ഞരാണ്. എന്നു മാത്രമല്ല, പല സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിൽ വനംവകുപ്പിന്റെ അനുവാദവും സഹായങ്ങളും വേണ്ടിവരും. വനാവകാശനിയമം നടപ്പാക്കുമ്പോൾ ആദിവാസി വകുപ്പും വനംവകുപ്പും കൈകോർത്തുനിൽക്കേണ്ടത് അത്യാവശ്യമായിരുന്നു. അതില്ലാത്തതിനാൽ വനനിയമപ്രകാരം ഭൂമിക്ക് പട്ടയം കിട്ടി വീടുവെച്ച് താമസമാക്കിയ ആദിവാസികൾക്കെതിരെ വനം കയ്യേറ്റത്തിനും കുടിയേറ്റത്തിനും വനംവകുപ്പ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടത്രെ!

കേരളത്തിൽ വനാവകാശനിയമം നടപ്പാക്കിയിട്ടുള്ളത് വനവാസികളായ ആദിവാസികളുടെ കാര്യത്തിൽ മാത്രമാണ്. ആദിവാസികൾക്കൊപ്പം 'മറ്റു വനവാസികൾ'ക്കും അവകാശനിയമം ബാധകമാണ്. അങ്ങനെയൊരു വിഭാഗം കേരളത്തിൽ ഇല്ല എന്നാണ് സർക്കാർ വ്യാഖ്യാനം. വനാവകാശനിയമം വനപരിരക്ഷണത്തെ എങ്ങനെ സഹായിക്കും എന്ന് മനസ്സിലാക്കേണ്ടതുണ്ട്. അവകാശത്തിൽ പരിരക്ഷണം അടങ്ങിയിട്ടുണ്ട്. നിയമത്തിലെ സെക്ഷൻ 5 ൽ വനാവകാശികൾ, ഗ്രാമസഭ, ഗ്രാമതലസ്ഥാപനങ്ങൾ എന്നിവയുടെ ചുമതലകൾ പറഞ്ഞിരിക്കുന്നു.

– വന്യജീവി, വനം, ജൈവവൈവിധ്യം ഇവയുടെ സംരക്ഷണം

– സമീപത്തുള്ള വൃഷ്ടിപ്രദേശങ്ങൾ, ജലസ്രോതസ്സുകൾ, മറ്റ് പരിസ്ഥിതി സംവേദിതപ്രദേശങ്ങൾ ഇവ സംരക്ഷിക്കപ്പെടണം.

– വനവാസികളായ ഷെഡ്യൂൾഡ് ട്രൈബുകളും മറ്റു പരമ്പരാഗത വനവാസികളും കഴിഞ്ഞുകൂടുന്ന ആവാസങ്ങൾ യാതൊരു തരത്തിലുള്ള നാശകരമായ പ്രവർത്തനങ്ങൾക്കും ഇടയാകാൻ അനുവദിക്കരുത്. അവരുടെ സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകങ്ങൾ നശിക്കരുത്.

– സാമൂഹ്യവനവിഭവങ്ങളുടെ ഉപയോഗം നിയന്ത്രിക്കാനും വന്യജീവികളെയും, വനത്തെയും, ജൈവവൈവിധ്യത്തെയും സംരക്ഷിക്കാനും ഗ്രാമസഭകൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ അക്ഷരംപ്രതി മാനിക്കപ്പെടുന്നു.

ഇതൊക്കെ നമ്മോട് പറയുന്നത് വനനിയമംപോലെ മറ്റൊരു നിയമമല്ല വനാവകാശനിയമം 2006. ഇത് വനമെന്ന ആവാസവ്യവസ്ഥയെ പരിരക്ഷിക്കാൻ (പരിരക്ഷണം എന്നാൽ conservation ആണ്) ഉതകുന്ന പ്രമാണങ്ങളും നിർദ്ദേശങ്ങളും അടങ്ങിയതാണ്. പരിരക്ഷണം എന്നാൽ സംരക്ഷണം + നീതിപൂർവ്വകമായ ഉപയോഗം എന്നാണ് വിവക്ഷ. ഒരു മനുഷ്യന് ആവശ്യമായ പാർപ്പിടം, കൃഷിയിടം, ഭക്ഷണം, ആരോഗ്യപരമായ ചുറ്റുപാട്, സംസ്കാരത്തിനും ആരാധനയ്ക്കും പാത്രമായ പൈതൃകങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന ആവാസവ്യവസ്ഥയുടെ ഉടമസ്ഥത അവകാശങ്ങളായി നൽകുന്നതോടൊപ്പം, ഈ ആവാസവ്യവസ്ഥയെ സംരക്ഷിക്കാനുള്ള ചുമതലയും ഉൾക്കൊള്ളുന്നതാണ് വനാവകാശനിയമം. ഇതെപ്പറ്റി വിശദമായി അറിഞ്ഞാലേ പ്രയോജനമുള്ളൂ. നടപ്പാക്കുന്നവരും ഗുണഭോക്താക്കളും അതറിയണം. നമ്മുടെ ആദിവാസി വികസനവകുപ്പ് ഉദ്യോഗസ്ഥന്മാർ, വനംവകുപ്പ് ഉദ്യോഗസ്ഥന്മാർ, ആദിവാസി പ്രമോട്ടർമാർ എന്നിവരൊക്കെ ഇത് പഠിക്കണം. ഗുണഭോക്താക്കളായ ആദിവാസികളെ ഇത് വിശദമായി പഠിപ്പിക്കണം. എങ്കിൽ മാത്രമേ ഈ നിയമംകൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം നേടാനാവൂ.

മഴവിൽമേള 8th edition
VIBGYOR
INTERNATIONAL FILM FESTIVAL
8 –ാമത്
വിബ്ജിയോർ മഴവിൽമേള
ഫെബ്രുവരി 7 – 12
കേരള സംഗീതനാടക അക്കാദമി ക്യാമ്പസ്, തൃശൂർ
മുഖ്യ പ്രതിപാദ്യ വിഷയം:
അപഹരിക്കപ്പെട്ട ജനാധിപത്യം
ഫെസ്റ്റിവർ ഡയറക്ടർ:
കവിതാ ജോഷി (ചലച്ചിത്രകാരി)
ഫാമിലി പാസ്: 200 രൂപ. വ്യക്തിഗത പാസ്: 100 രൂപ,
വിദ്യാർത്ഥികൾക്ക് : 50 രൂപ
ബന്ധങ്ങൾക്ക്:
രണ്ടാംനില, കള്ളിയത്ത് സ്ക്വയർ,
പാലസ് റോഡ്, തൃശൂർ. 9809477058, 9447000830.
info@vibgyorfilm.org, www.vibgyorfilm.org